(ബി) പൊതുഭരണ (സർവ്വീസസ്-ഇ) വകുപ്പിൽ 2011-15 കാലയളവിൽ ലഭ്യമായ നോൺ ഗസറ്റഡ് ജീവനക്കാരുടെ പെൻഷൻ അപേക്ഷയിൽ കോ-ഓപ്പറേറ്റീവ് റിക്കവറി നിലനിൽക്കുന്നതിനാൽ 12 പേരുടെ DCRG ഇനത്തിൽ 25,93,812 നൽകുവാൻ കഴിഞ്ഞിട്ടില്ല. മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനം

17 (20) ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര താലൂക്കിലെ പൊഴിയൂർ മണലവിള വീട്ടിൽ എസ്. രാജമ്മ 2015 ജൂൺ 19-ാം തീയതി മുഖ്യമന്ത്രിക്ക് ഒരു നിവേദനം സമർപ്പിച്ചിരുന്നോ ;

(ബി) എങ്കിൽ ആ നിവേദനത്തിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ;

(സി) ആ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) തിരുവനന്തപുരം, നെയ്യാറ്റിൻകര, കാരോട്, പൊഴിയൂർ പി.ഒ., മണലിവിള വീട്ടിൽ ശ്രീമതി രാജമ്മയ്ക്ക് ചികിത്സയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് 10,000 രൂപ (പതിനായിരം രൂപ മാത്രം) ധനസഹായം 24/11/2015-ലെ സ.ഉ. (സാധാ) നമ്പർ 6206/15/റവ പ്രകാരം അനുവദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

സെക്രട്ടേറിയറ്റിലെ ഇ-ഫയലിംഗ് സമ്പ്രദായം

18 (21) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിൽ ഏതെല്ലാം വകുപ്പുകളിൽ ഇ-ഫയലിങ്ങ് നടപ്പിലാക്കിയിട്ടുണ്ട് ; പുതുതായി ഏതെല്ലാം വകുപ്പുകളിലാണ് നടപ്പിലാക്കുന്നത് ;

(ബി) ഇ-ഫയൽ സമ്പ്രദായം പൂർണമായി നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ ഫിസിക്കൽ ഫയലും ഇ-ഫയലും ഒരുപോലെ തയ്യാറാക്കേണ്ടിവരുന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ ; തൻമൂലമുള്ള അമിത ജോലിഭാരം പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly